# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2265 — 17/06/2014-ൽ മറുപടിക്ക്

### ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി വിഭാഗത്തിൽ പ്പെടുന്നവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് തീരുമാനി ച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയുള്ളതുമായ 25,000/- രൂപ വരെയുള്ളത് പലിശയും, പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിനും, അതിനു മുകളിലുള്ള തുകയ്ക്കു പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിരുന്നു. ടി പദ്ധതിയുടെ കാലാവധി 30.06.2013 ന് അവസാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗക്കാരുടെ 50,000/- രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം ബാങ്കുകളിൽ നിന്നും എടുത്ത എത്ര തുകയുടെ കടങ്ങളാണ് എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ ; | (ബി), (സി) & (ഡി) | വിവിധ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്ത കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കി വരികയാണ്. |
| (സി) | ഇതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (ഡി) | കടക്കെണിയിലായ ആദിവാസി കളുടെ കടങ്ങൾ എഴുതിത്തള്ളു ന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ